# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:4979** **22.05.2017 ൽ മറുപടിയ്ക്ക്**

**ഹൈടെക്/ സ്മാർട്ട്ക്ലാസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി.കെ.ബഷീർ | | പ്രൊഫ.സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | ഏറനാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളാണ് ഹൈടെക്/സ്മാർട്ട് ക്ലാസ് ആക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | എ) | സംസ്ഥാനത്തെ എട്ടു മുതൽ പന്ത്രണ്ടുവരെയുള്ള എല്ലാ സർക്കാർ / എയ്ഡഡ് വിദ്യാലയങ്ങളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഏറനാട് നിയോജകമണ്ഡലത്തിലെ എല്ലാ സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻററി/ വൊക്കേഷണൽഹയർ സെക്കൻററി സ്കൂളുകളും ഹൈടെക് ആക്കുന്നതാണ്. |
| ബി) | ഹൈടെക് ആക്കി മാറ്റുമ്പോൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | ബി) | സ്കൂളിലെ അടച്ചുറപ്പുള്ളതും പൊടിശല്ല്യമില്ലാത്തതുമായ എല്ലാ ക്ലാസ് മുറികളിലും ലാപ് ടോപ്പ്, വൈറ്റ് ബോർഡ്, മൾട്ടിമീഡിയ പ്രോജക്ടർ, ശബ്ദസംവിധാനം, ഇൻറർനെറ്റ് കണക്ഷൻ, ഇ-കണ്ടൻറ് തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്. |
| സി) | ഹൈടെക് വിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ, വിവരസാങ്കേതിക വിദ്യ പഠിപ്പിക്കുന്നതിന് കൂടുതൽ അദ്ധ്യാപകരെ നിയമിക്കുമോ; വിശദീകരിക്കുമോ ; | സി) | ഐ.സി.ടി അധിഷ്ഠിത വിദ്യാഭ്യാസമാണ് സ്കൂളുകളിൽ നടപ്പാക്കുന്നത്. നിലവിലുള്ള അദ്ധ്യാപകർക്ക് നിരന്തര പരിശീലനം നൽകി ഐ.സി.ടി.യുടെ സാധ്യത പ്രയോജനപ്പെടുത്തികൊണ്ട് പഠന-ബോധന പ്രക്രിയ കൂടുതൽ ഫലപ്രദമാക്കുകയാണ് ഇതിന്റെ ലക്ഷ്യം. ആയതിനാൽ വിവര സാങ്കേതിക വിദ്യാപഠനത്തിന് മാത്രമായി പ്രത്യേക അദ്ധ്യാപകരെ നിയമിക്കേണ്ട ആവശ്യം വരുന്നില്ല. |
| ഡി) | നിലവിലെ അദ്ധ്യാപകർക്ക ഐ.ടി.പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ഡി) | നിലവിലുള്ള എല്ലാ അദ്ധ്യാപകർക്കും പ്രത്യേക ഐ.സി.ടി. പരിശീലനം നൽകുന്നുണ്ട്. 2017 ഏപ്രിൽ മാസത്തിൽ 38,000 അപ്പർപ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് പരിശീലനം നൽകി കഴിഞ്ഞു. മെയ് മാസത്തിൽ 11 മേഖലകളിൽ/വിഷയങ്ങളിലായി എല്ലാ ഹൈസ്കൂൾ അദ്ധ്യാപകർക്കും പരിശീലനം നൽകുന്നുണ്ട്. പതിനൊന്ന് മേഖലകളിലായി തിരിച്ച് ഹയർ സെക്കൻററി/ വൊക്കേഷണൽ ഹയർ സെക്കൻററി അദ്ധ്യാപകർക്കും പരിശീലനം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ